## I & II—സത്യവും വെളിപാടും

### I. ക്രിസ്തുവിന്റെ സാക്ഷാൽക്കാരമായ ആത്മാവ് നമ്മുടെ അനുഭവത്തിൽ നല്ലദേശമാണ്

- ദൈവം അബ്രാഹാമിന് വാഗ്ദത്തം ചെയ്ത അനുഗ്രഹത്തിന്റെ ഭൗതിക വശം നല്ലദേശമായിരുന്നു, അത് സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്
- നമ്മുടെ അനുഭവത്തിൽ ക്രിസ്തുവിന്റെ സാക്ഷാൽക്കാരമായ ആത്മാവ്, നമുക്ക് ആസ്വദിക്കുവാനുള്ള ദൈവത്തിന്റെ ധാരാളമായ സഹായത്തിന്റെ ഉറവിടമായ നല്ലദേശമാണ്

### II. സർവവും ഉൾക്കൊള്ളുന്ന ആത്മാവെന്ന നിലയിൽ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തു "താഴ്‌വരകളിലും മലകളിലും ഒഴുകുന്ന നീരൊഴുക്കുകളും, ഉറവുകളും, തടാകങ്ങളും ഉള്ള ദേശം" ആണ്

- നീരൊഴുക്കുകളും, ഉറവുകളും, തടാകങ്ങളും ഒഴുകുന്ന ആത്മാവായ ക്രിസ്തുവിനെ സൂചിപ്പിക്കുകയും, താഴ്‌വരകളും മലകളും ഒഴുകുന്ന ആത്മാവായി ക്രിസ്തുവിനെ നാം അനുഭവമാക്കുന്ന വിവിധതരം പരിതസ്ഥിതികളെ സൂചിപ്പിക്കുകയും ചെയ്യുന്നു
- വേദപുസ്തകത്തിലുടനീളം ഉല്പത്തി മുതൽ വെളിപാട് വരെ, ജലമെന്ന നിലയിൽ ത്രിയേക ദൈവത്തെ സംബന്ധിച്ച ഒരു രേഖയുണ്ട്

## III, IV, V, VI—അനുഭവങ്ങൾ

### III. താഴ്‌വരകളും മലകളും ആത്മാവിനെ നാം അനുഭവമാക്കുന്ന വിവിധതരം പരിതസ്ഥിതികളെ സൂചിപ്പിക്കുകയും ചെയ്യുന്നു

- താഴ്‌വരകൾ ക്രിസ്തുവിന്റെ മരണത്തിന്റെ അനുഭവങ്ങളായ ക്രൂശിന്റെ അനുഭവങ്ങളും, മലകൾ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ അനുഭവങ്ങളും ആണ്
- നമ്മിൽ അധിവസിക്കുന്ന ക്രിസ്തുവാണ് ദിവ്യ സ്രോതസ്സും ഉൽകൃഷ്ടമായ ശക്തിയും
- യേശു നമ്മുടെ ഉള്ളിലെ എല്ലാ പ്രതിലോമ കാര്യങ്ങളെയും എപ്പോഴും കൊന്നുകൊണ്ടിരിക്കുന്നു
- ക്രൂശിന്റെ കൊല്ലൽ പുനരുത്ഥാന ജീവന്റെ പ്രത്യക്ഷതയിൽ പരിണമിക്കുന്നു
- നാം കർത്താവിന്റെ മരണത്തിന്റെ കൊല്ലലിൻ കീഴിലായിരിക്കുമ്പോൾ, അവന്റെ പുനരുത്ഥാനജീവൻ നമ്മിലൂടെ മറ്റുള്ളവരിലേക്ക് പകരപ്പെടുന്നു

### IV. തടാകങ്ങളുടെ അനുഭവങ്ങൾ—കർത്താവിനെ ബന്ധപ്പെട്ടുകൊണ്ട് അവന്റെ അടുക്കൽ വന്ന് അവനെ ഭക്ഷിക്കുകയും, കുടിക്കുകയും ആസ്വദിക്കുകയും വേണം

- ദൈവജനം ചെയ്ത ദോഷങ്ങൾ, അവർ തങ്ങളുടെ ഉറവെന്ന നിലയിൽ തങ്ങളുടെ സ്രോതസ്സായ ദൈവത്തെ ഉപേക്ഷിച്ചതും, ദൈവമല്ലാത്ത മറ്റൊരു സ്രോതസ്സിലേക്ക് അവർ തിരിയുകയും ചെയ്തതായിരുന്നു.
- പൊട്ടക്കിണറുകൾ ദൈവത്തിനു പകരമായിയുള്ള വിഗ്രഹങ്ങളെ സൂചിപ്പിക്കുന്നു. അവയ്ക്ക് നമ്മുടെ ദാഹം ശമിപ്പിക്കുവാൻ കഴിയില്ല
- ദൈവത്തിന്റെ ദൃഷ്ടിയിൽ, അവനിൽനിന്ന് കുടിക്കുവാൻ വരാത്തവനാണ് ദുഷ്ടനായ ദുഷ്പ്രവൃത്തിക്കാരൻ

### V. ഉറവുകളുടെ അനുഭവങ്ങൾ—രക്ഷയുടെ ഉറവുകളിൽനിന്നും വെള്ളം കോരുന്ന ശീലം നാം കെട്ടിപ്പെടുക്കേണം

- നാം കർത്താവിനോട് സംസാരിക്കുകയും, കർത്താവിനെ സ്തുതിക്കുകയും, അവനിൽ സന്തോഷിക്കുകയും, എപ്പോഴും സ്തോത്രം ചെയ്യുകയും, കർത്താവിന് പാടുകയും വേണം
- കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കണം
- ക്രിസ്തു നിവർത്തിച്ചതിനെ സുവിശേഷമായ് പ്രസംഗിക്കണം
- നമ്മുടെ ആളത്തത്തിൽ നാം കർത്താവിന് പ്രമുഖത നൽകുകയും, എല്ലാ കാര്യങ്ങളും ദിവ്യ പ്രകൃതത്തിനൊത്തവണ്ണം ചെയ്യുകയും വേണം

### VI. നീരൊഴുക്കുകളുടെ അനുഭവങ്ങൾ—പ്രാർഥനയിലൂടെ ദൈവത്തെ ആഗിരണം ചെയ്യുക

- ദൈവത്തിന്റെ വ്യവസ്ഥ അനുസരിച്ച്, ദൈവത്തിൽ ആശ്രയിക്കുന്നവൻ ജീവജലത്തിന്റെ ഉറവയായ ദൈവത്തെ സൂചിപ്പിക്കുന്ന വെള്ളത്തിനരികെ നട്ടിരിക്കുന്ന ഒരു വൃക്ഷം പോലെയാണ്
- ദിവ്യ പകർച്ച സ്വീകരിക്കുന്നതിന് വൃക്ഷങ്ങളായ നാം വെള്ളമെന്ന നിലയിൽ ദൈവത്തെ ആഗിരണം ചെയ്യണം
- പ്രാർഥനയുടെ അർഥം നാം ദൈവത്തെ ആഗിരണം ചെയ്യുന്നതാണ്; നമ്മുടെ അവസ്ഥയെ മെച്ചപ്പെടുത്തുവാനോ മാറ്റുവാനോ ശ്രമിക്കാതെ നാം ആയിരിക്കുന്നതുപോലെ ദൈവത്തിന്റെ അടുക്കലേക്ക് വരുന്നതാണ്
- അവനെ നോക്കിക്കൊണ്ടും, ശ്രദ്ധിച്ചുകൊണ്ടും, സ്തുതിച്ചുകൊണ്ടും, സ്തോത്രം ചെയ്തുകൊണ്ടും, ആരാധിച്ചുകൊണ്ടും, ആഗിരണം ചെയ്തുകൊണ്ടും അവനെ ബന്ധപ്പെടുവാൻ ദൈവത്തിന്റെ സാന്നിധ്യത്തിലേക്ക് നാം പ്രവേശിക്കണം

## VII—ഫലം

### VII. നിത്യജീവന്റെ ആകത്തുകയായ പുതിയ യെരൂശലേമായിത്തീരുക

- യോഹ. 4:14 ഒഴുകുന്ന ത്രിയേക ദൈവത്തെ വെളിപ്പെടുത്തുന്നു—(1) പിതാവാണ് സ്രോതസ്സായ ഉറവ്; (2) പുത്രനാണ് ഉറവിന്റെ ആവിർഭാവമായ പ്രവാഹം; (3) ആത്മാവാണ് ഒഴുക്കായ നദി;
- ത്രിയേക ദൈവം പിതാവ്, പുത്രൻ, ആത്മാവിലൂടെ നമ്മിലേക്കും, നമ്മുടെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് മറ്റുള്ളവരിലേക്കും ഒഴുകുന്നു
- "നിത്യജീവനിലേക്ക്" എന്നതിലെ "ലേക്ക്" അർഥമാക്കുന്നത് "ആയിത്തീരുക" എന്നാണ്; നിത്യജീവന്റെ ആകത്തുക എന്ന നിലയിൽ പുതിയ യെരൂശലേമായിത്തീരുന്നതിന് പിതാവ് ഉറവയായും, പുത്രൻ പ്രവാഹമായും, ആത്മാവ് നദിയായും നമ്മിലേക്കും നമ്മോടുകൂടെയും ഒഴുകുന്നു.